സഹകരണ വകുപ്പിനുവേണ്ടിയുള്ള ഇൻഷ്വറൻസ് കമ്പനി

25 (*54) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി :
ശ്രീ. നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ വകുപ്പുമായി ബന്ധപ്പെടുത്തി ഒരു ഇൻഷ്വറൻസ് കമ്പനി തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ കമ്പനിയുടെ പ്രവർത്തനം വിശദമാക്കുമോ ;

(സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന ഏതെങ്കിലും മേഖലകൾ കൂടി ഇതിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഒരു ഇൻഷ്വറൻസ് കമ്പനി തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ സഹകരണ മേഖലയിൽ ഒരു ഇൻഷ്വറൻസ് സഹകരണ സംഘം രൂപീകരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

(ബി) 1999-ലെ ഇൻഷ്വറൻസ് റഗുലേറ്ററി ആന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഇൻഷ്വറൻസ് സഹകരണ സംഘം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ രൂപീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റിലെ പ്രൊഫസർ മുകുന്ദാസിനെ സർക്കാർ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രാരംഭ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞു. സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ ബാങ്കുകൾ അർബൻ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയുടെ ഓഹരി പങ്കാളിത്തത്തോടെയാണ് ഇൻഷ്വറൻസ് സഹകരണ സംഘം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഏതെല്ലാം മേഖലകളാണെന്ന് അന്തിമമായി തീരുമാനിച്ചിട്ടില്ല.

പുതിയ വൈദ്യുത പദ്ധതികൾ

26 (*56) ശ്രീ. എളമരം കരീം :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും വൈദ്യുത മേഖല ശക്തിപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് കഴിഞ്ഞ നാല് വർഷമായി സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly